# പുനർവായനകൾ–മലയാളവിമർശനം

**സ്കറിയാ സക്കറിയ**
റിട്ട. പ്രൊഫസർ, മലയാള വിഭാഗം, എസ്.എസ്.യു.എസ് , കാലടി

*"ഓരോ ഭാഷയ്ക്കുമുണ്ട് തനതുസ്വഭാവവും തനതുസത്യവും. എന്നാൽ ചില ഭാഷ എന്റെ ഹൃദയത്തോടു കൂടുതൽ അടുപ്പം കാട്ടുന്നവ; എന്റെ സത്യത്തോടു കൂടുതൽ അടുപ്പമുള്ളവ"* *(ഡേവിഡ് ഷൂൾമാൻ, ഫ്രണ്ട് ലൈൻ)*

1. സാഹിത്യസങ്കല്പത്തിലുണ്ടായ പരിണാമങ്ങൾ തിരിച്ചറിഞ്ഞിട്ടുവേണം മലയാളനിരൂപണത്തിന്റെ പുനർവായനകൾക്കൊരുങ്ങാൻ, സാഹിത്യാസ്വാദനം, സാഹിത്യവിമർശനം, സാഹിത്യപഠനം, സാഹിത്യവിജ്ഞാനം എന്നിവയെല്ലാം ഒന്നെന്ന മട്ടിൽ കരുതുന്നതാണ് മലയാളപാരമ്പര്യം, ഇക്കാര്യത്തിൽ പുതിയ തിരിച്ചറിവുകൾ ഉണ്ടാകുന്നു. പാശ്ചാത്യസമ്പർക്കമാണ് മുഖ്യകാരണം. ഇരുപത്തൊന്നാം നൂറ്റാണ്ടിലെത്തുമ്പോൾ സാഹിത്യത്തിന്റെ വിനിമയശൃംഖല തെളിഞ്ഞുവരുകയും വായനക്കാരൻ താരമായി മാറുകയും ചെയ്യുന്നു. വായനക്കാരന്റെ താരപദവി ഉയർത്തുന്നതാണ് സാഹിത്യത്തിന്റെ പുനർവായനകൾ.

2. സാഹിത്യത്തിന്റെ വിനിമയശൃംഖല തിരിച്ചറിയപ്പെടുന്നു. അതിൽ ഭാഷയും അലങ്കാരവും മാത്രമല്ല ഉള്ളത്. ഓർമ്മയും ഭാവനയും സമൂഹവും ചരിത്രവും മർമ്മസ്ഥാനങ്ങളായി തെളിഞ്ഞുകാണുന്നു. വ്യത്യസ്തസാഹിത്യകൃതികളെയും സാഹിത്യപ്രസ്ഥാനങ്ങളെയും സാഹിത്യഗണങ്ങളെയും ഇങ്ങനെ ശൃംഖലിതമായി അവതരിപ്പിക്കുന്ന ആഖ്യാനങ്ങൾക്ക് സമൂഹവിമർശനത്തിലൂടെ വിശേഷിച്ച് മാർക്സിയൻ ആശയപ്രപഞ്ചത്തിനോട് ഉറ്റബന്ധമുണ്ട്. ഇതിനെതിരെ പ്രത്യയശാസ്ത്രപക്ഷപാതം ആരോപിക്കപ്പെടുന്നു.

പ്രതിരോധം, സാമൂഹികാടിത്തറയുള്ള സാഹിത്യവിമർശനത്തിൽ ദ്രുതചലനങ്ങളുണ്ടാക്കി, അതിന്റെ ഏറ്റവും സജീവമായ മാതൃകയാണ് സംസ്കാരപഠനം.

സംസ്കാരം ഇന്ന് താക്കോൽവാക്കായി വികസിക്കുന്നു. അധികാരവും ആഖ്യാനവും നിർണായകസങ്കല്പങ്ങളായിത്തീരുന്നു.

3. പാഠനിരൂപണത്തിൽനിന്ന് സംസ്കാരപഠനത്തിലേക്കുള്ള പരിണാമശൃംഖലയിൽ മലയാളനിരൂപണം മറ്റനേകം വിജ്ഞാനശാഖകളുമായി സമ്പർക്കത്തിലേർപ്പെട്ടു. ആദ്യം സംസ്കൃതസാഹിത്യവിജ്ഞാനവും പിന്നീട് ഇംഗ്ലീഷ് സാഹിത്യവിജ്ഞാനവും മലയാളത്തിലേക്കു സംക്രമിച്ചു. ഇംഗ്ലീഷ് സ്വാധീനത്തിൽ ഇസങ്ങൾ പ്രധാന മുഖമുദ്രയായിത്തീർന്നു. സംസ്കൃത പ്രഭാവത്തിൽ രൂപപ്പെട്ട മഹാകാവ്യം, സന്ദേശകാവ്യം, ഖണ്ഡകാവ്യം, ചമ്പുക്കൾ, തുള്ളൽ, ആട്ടക്കഥ തുടങ്ങിയ പ്രസ്ഥാനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സാഹി ത്യവിമർശനം ക്രമേണ മങ്ങൂഴത്തിലായി.

നളചരിതത്തിന് എ.ആർ. എഴുതിയ കാന്താരതാരകം വ്യാഖ്യാനം പുതുവായനയുടെ മഹാമാതൃകയാണ്. എൻ. അജയകുമാറിന്റെ വായനയും കൂടുതൽ സൈദ്ധാന്തികവും സമകാലികവുമാക്കി. ഇന്നോളം പുതുവായനകളുടെ തുടർച്ചയിൽ നളചരിതം ആട്ടക്കഥ പുനർനിർമ്മിക്കപ്പെടുന്നു. മലയാളിക്ക് സ്വന്തമെന്ന് പറയാവുന്ന തുള്ളൽപ്രസ്ഥാനത്തിനും ഉണ്ടായി തുടർച്ചയായി വളർച്ച. വെറും ആക്ഷേപഹാസ്യം എന്ന നിലവിട്ട് മഹത്തായ സാമൂഹ്യവിമർശനമായി തുള്ളൽസാഹിത്യം തിരിച്ചറിയപ്പെട്ടു. കളിമട്ടിന്റെ കാര്യഗൗരവവും കലാഭംഗിയും വെളിപ്പെടുത്തുന്ന നിരൂപണങ്ങളും പഠനങ്ങളും ഉണ്ടായി. കെ.എം. ഗണേഷിൽ എത്തുമ്പോൾ തുള്ളൽസാഹിത്യം മിഖായേൽ ബക്തിന്റെ സിദ്ധാന്തങ്ങളുടെ വെള്ളിവെളിച്ചത്തിലാകുന്നു. പുനർവായനകൾക്കുവേണ്ടി ഇനിയും കാത്തുകിടക്കുകയാണ് സന്ദേശകാവ്യങ്ങൾ. ‘സന്ദേശം അതൊന്നേയുള്ളൂ’ എന്ന മഹാവചനം ചോദ്യംചെയ്യപ്പെട്ടുമെന്നു തീർച്ചയാണ്. ‘ഉണ്ണുനീലിസന്ദേശം’ തുടങ്ങിയ സന്ദേശകാവ്യങ്ങളിലെ ചരിത്രവും പ്രകൃതിയും തെളിച്ചുകാട്ടാൻ മലയാളിയുടെ ഓർമ്മയ്ക്കും പരിസ്ഥിതിബോധത്തിനും ശേഷിയുണ്ടെന്നാണ് എന്റെ വിചാരം. സ്ത്രീവാദസിദ്ധാന്തങ്ങളുടെ പിൻബലത്തോടുകൂടി സന്ദേശകാവ്യങ്ങൾ വിമർശനമണ്ഡലത്തിലേക്ക് പുനർവായിക്കപ്പെടണം. പരിസ്ഥിതിവാദവും സ്ത്രീവാദവും ദളിതവാദവും വിശ്വസാഹിത്യനിരൂപണത്തിലെ രാജപാതകളായി വളർന്നിരിക്കുന്നു. ശ്രേണീകരണത്തിന്റെ പാഠങ്ങളാണ് ദളിത് വായനകൾ തെളിച്ചുകാട്ടുന്നത്.

4. ആധുനിക ഭാഷാശാസ്ത്രം സാഹിത്യസങ്കല്പത്തിനുണ്ടാക്കിയ നവീകരണം മലയാളിക്ക് അനുഭവവേദ്യമായത് എൻ. കൃഷ്ണപിള്ളയുടെ പ്രതിപാത്രം ഭാഷണഭേദത്തിലൂടെയാണ്. സി.വി. രാമൻപിള്ളയുടെ കൃതികൾ ശൈലിവിജ്ഞാനത്തിന്റെ തിളക്കംനേടിയത് പുനർവായനകളുടെ ചരിത്രത്തിൽ നിർണായകസംഭവങ്ങളാണ്. കെ.എൻ. എഴുത്തച്ഛൻ, ദേശമംഗലം രാമകൃഷ്ണൻ, പ്രഭാകരവാരിയർ, സി.പി. ശിവദാസൻ, എൻ.വി. കൃഷ്ണവാരിയർ തുടങ്ങിയവർ കവിതയുമായുള്ള ഭാഷാശാസ്ത്രത്തിന്റെ അഭിമുഖീകരണം സംഭവബഹു ലമാക്കി,

5. വിമർശനാത്മക സിദ്ധാന്തങ്ങളുടെ വരവോടുകൂടി മലയാളനിരൂപണം ആ വഴിക്ക് പുനർവായനകളിലൂടെ സഞ്ചരിച്ചു. ‘ഇന്ദുലേഖ’യും

'സരസ്വതീവിജയ'വും പുനർവായിക്കപ്പെട്ടു. സേതുവിന്റെ പാണ്ഡവപുരത്തിന് കെ.പി. അപ്പൻ, വി.സി. ശ്രീജൻ, കെ.എം. നരേന്ദ്രൻ എന്നിവർ എഴുതിയ പഠനങ്ങൾ പാരസ്പര്യംകൊണ്ട് പുനർവായനയെ ഏറെ സമൃദ്ധമാക്കി. കൃതി യുടെ പാരായണത്തിലുള്ള വ്യത്യസ്തതകൾ നിരൂപണത്തിന്റെ ആരോഗ്യകരമായ വളർച്ചയായി ഇന്നത്തെ ആസ്വാദകലോകം തിരിച്ചറിഞ്ഞു. ഒ.വി. വിജയനും ആനന്ദും എം.ടി. വാസുദേവൻനായരും പുനർവായിക്കപ്പെട്ടുകൊണ്ടിരുന്നു. ഓരോ വായനയും പുനർവായനയെ റദ്ദാക്കുകയല്ല പൂരിപ്പിക്കുകയാണ്. പുനർവായനകളിലെ പൂരണം സമന്വയത്തിലൂടെയാണ്. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് പുനർവായനകൾ, ബഷീറിന് പുനർവായനകൾ ഉണ്ടാകാത്തതിൽ ചിലർ അക്ഷമരാകുന്നതു കാണാം. ബഷീർവിമർശനങ്ങളുടെ എണ്ണക്കുറവും ഇങ്ങനെയൊരു പ്രതീതി സൃഷ്ടിക്കുന്നു. എഴുത്തച്ഛനും ചെറുശ്ശേരിയും ഇത്തരം പുനർവായനകൾ കാത്തുകഴിയുകയാണ്. സൈദ്ധാന്തികത വളരുന്തോറും പുനർവായനകളുടെ സാധ്യതകൾ വർദ്ധിക്കുന്നു.

6. മലയാളവിമർശനചരിതത്തിൽ മനഃശാസ്ത്രനിരൂപണം പുതുതരംഗങ്ങൾ സൃഷ്ടിച്ചു. ഏറ്റവും ശ്രദ്ധേയമായ ഉദാഹരണം എം.എൻ. വിജയന്റെ മാമ്പഴനിരൂപണമാണ്.

വൈലോപ്പിള്ളി കവിത പുനർവായിക്കപ്പെട്ടു. ലീലാവതിയുടെ പഠനങ്ങൾ മലയാളപൈതൃകത്തെയും മനഃശാസ്ത്രനിരൂപണത്തെയും ഏകോപിപ്പിക്കുന്നതിലാണ് ശ്രദ്ധിച്ചത്. മനഃശാസ്ത്രവും സൈദ്ധാന്തികതയും ഇടകലർന്നുവരുന്ന ആശാൻ വിമർശനം പുനർവായനയുടെ വിശിഷ്ടമാതൃകയായി വളരുന്നത് പി. പവിത്രന്റെ 'ആശാൻ.കവിത—ആധുനികാനന്തരപാഠങ്ങൾ' എന്ന കൃതിയിൽ കാണാം.

7. സാഹിത്യവിജ്ഞാനം ബഹുവിജ്ഞാനീയമേഖലയായി വളരുകയാണ്. സാഹിത്യവിജ്ഞാനം മാത്രമല്ല എല്ലാ മാനവികവിജ്ഞാനങ്ങളും സാമൂഹികശാസ്ത്രങ്ങളും ബഹുവിജ്ഞാനീയമായിത്തീരുന്നു. ഇതുയർത്തുന്ന വെല്ലുവിളി നേരിടാൻ മലയാളസാഹിത്യപഠിതാക്കൾ തയ്യാറാകേണ്ടതുണ്ട്. ജെയിംസ് ടർണർ (James Turner) എന്ന വിശ്രുത പണ്ഡിതൻ തന്റെ 550 പുറങ്ങളുള്ള ഫിലോളജി* (Philology) എന്ന പ്രൗഢഗ്രന്ഥം സമാപിപ്പിക്കുന്നതിങ്ങനെയാണ്:

"ഇന്നല്ലെങ്കിൽ നാളെ മാനവികവിഷയങ്ങൾ രൂപാന്തരം വന്ന് എണ്ണത്തിൽ കുത്തനെ ചുരുങ്ങും. ഭാവിപ്രവചിക്കാൻ ഭൂതകാലത്തിനു കഴിയില്ല. ഭാവിയിൽ എന്നെങ്കിലും മാനവികവിഷയങ്ങൾ എണ്ണത്തിൽ വർദ്ധിച്ചു എന്നിരിക്കട്ടെ. അങ്ങനെ സംഭവിച്ചാൽ പാണ്ഡിത്യത്തിന് കൂടുതൽ വിലനല്കേണ്ടിവരും. കൂടുതൽ വ്യാപകമായ അറിവുകൾ, ബഹുഭാഷാപരിചയം തുടങ്ങിയവയുടെ സഹായത്തോടെ ഏകഭാഷാപാണ്ഡിത്യത്തെ വിസ്താരപ്പെടുത്തണം. കഴിഞ്ഞ അരനൂറ്റാണ്ടായി ശീലിച്ചുവരുന്ന ഇടുങ്ങിയ വഴികളിൽനിന്നും പുറത്തുകടക്കണം. ബ്രൈസ്(Bryce 1838-1922) പറയുന്ന ആക്ഷൻ പ്രഭു(Lord Action)വിന്റെ മാതൃക മാർഗ്ഗസൂചനയാകാം. പരിസ്ഥിതി ചരിത്രകാരന്മാർ

പുതുവഴികൾ തുറന്നേക്കാം. മാറ്റങ്ങൾ ഏതുതരത്തിലായാലും മാനവികവിജ്ഞാനം ഒറ്റപ്പെട്ട തുരുത്തുകളല്ല. ആദിമമായ പൊതുമയെ മങ്ങൂഴത്തിലാക്കുന്നതാണ് ആധുനിക വൈജ്ഞാനികത. ഇന്നത്തെ ബഹുമാനവികവിജ്ഞാനം പുതിയ സഹസ്രാബ്ദത്തിന്റെ അറിവുമാതൃകയായി കടന്നുവരുന്നു. ഭാഷയും ഭാഷയുടെ ഉല്പന്നങ്ങളുമടങ്ങുന്ന പരമ്പരാഗത പാശ്ചാത്യവിജ്ഞാനം ലോകത്തെയും വാക്കുകളിലൂടെ മനുഷ്യൻ അവതരിപ്പിച്ച ലോകത്തെയും വിഷയമാക്കും.

*ഫിലോളജി—പദപ്രേമം

## ഗ്രന്ഥസൂചി


1. Devy G.N., 2017, *The Crisis within*, Aleph Book Company.
2. Shulman, David, 2017, interview, *Frontline*, Sept. 29.
3. Shulman, David, 2012,*More than Real*, Harward University Press: London.
4. Turner, anies 2O5 *Philology*, Princeton University Press,